അരൂർ മണ്ഡലത്തിലെ കാക്കയുരുത്ത് ദ്വീപിലേക്കുള്ള പാലം നിർമ്മാണം

224 (4856) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കാക്കയുരുത്ത് ദ്വീപിലേക്കുള്ള പാലം നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി ലഭിച്ചത്; എത്ര രൂപയാണ് അടങ്കൽ തുക; എന്നാണ് പാലം ശിലാസ്ഥാപനം നിർവ്വഹിച്ചത്; നിർമ്മാണ പ്രവർത്തനം അപ്രോച്ച് റോഡിന്റെ പ്രശ്നത്തിൽ എന്ന് മുതലാണ് നിർത്തി വെക്കേണ്ടി വന്നത്; പ്രശ്നം പരിഹരിക്കാൻ ആലപ്പുഴ ജില്ലാ കളക്ടറുടെയും എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ രമ്യമായ പരിഹാരം ഉണ്ടാക്കിയത് എന്നാണ്;

(ബി) ആയത് പ്രകാരം നിർമ്മാണം ആരംഭിക്കണമെങ്കിൽ കോൺട്രാക്ടർക്ക് കാലതാമസം മൂലം ഉണ്ടായ നഷ്ടപരിഹാരത്തിന് പുറമെ ഏറ്റവും പുതിയ ഷെഡ്യൂൾ നിരക്കിൽ പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ ഇ.ഇ നൽകിയിട്ടുണ്ടോ; ആയത് പ്രകാരം പുതുക്കിയ നിരക്കിൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ദ്വീപ് നിവാസികളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14-7-2009-ലാണ് ഭരണാനുമതി ലഭിച്ചത്. അടങ്കൽ തുക 4,87,41,455 (നാലുകോടി എൺപത്തിയേഴ് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി നാന്നൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം). 26-12-2011-നാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്. 2012 സെപ്റ്റംബർ മുതൽ പ്രവർത്തനം നിർത്തിവച്ചു. 23-9-2014-നാണ് രമ്യമായിട്ട് പരിഹാരം ഉണ്ടാക്കിയത്.

(ബി&സി) എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള കൺസ്യൂക്ഷൻ കോർപ്പറേഷൻ

225 (4857) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ :
പ്രൊഫ. സി. രവീന്ദ്രനാഥ് ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൺസ്യൂക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷനിൽ നടക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) കോർപ്പറേഷന്റെ ഇടപാടുകളിൽ ഉന്നതരടക്കം കോഴ കൈപ്പറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോർപ്പറേഷൻ ഏറ്റെടുത്തിരുന്ന നിർമ്മാണപ്രവൃത്തികൾ നടത്താൻ സംവിധാനമോ തൊഴിലാളികളോ ഉണ്ടോ; ഇവ ഇല്ലെങ്കിൽ ഇവയെല്ലാം ഉള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത് എന്തു കൊണ്ടാണ്?

ഉത്തരം

(എ) കേരള കൺസ്യൂക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) ആക്ഷേപമുണ്ടായ അവസരങ്ങളിൽ പരിശോധിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷന് സ്വന്തമായി നിർമ്മാണ സാമഗ്രികൾ ഇപ്പോൾ ഇല്ല. കൺസ്യൂക്ഷൻ കോർപ്പറേഷന്റെ എം പാനൽ കരാറുകാരുടെ കൈവശമുള്ള യന്ത്ര സാമഗ്രികൾ ആണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നിർമ്മാണ തൊഴിലാളികളെ കരാറുകാരാണ് ഏർപ്പാട് ചെയ്യുന്നത്. 27-2-1975-ലെ ജി.ഒ (എംഎസ്.) നമ്പർ 39/75/പൊ.മ.വ. അനുസരിച്ചാണ് പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. 28-9-1988-ലെ ജി.ഒ. (എംഎസ്.) നമ്പർ 52/88/പി.ഡബ്ല്യു.&റ്റി, 12-2-1992-ലെ ജി.ഒ.(എം.എസ്) നമ്പർ 16/92/പി. ഡബ്ല്യു. & റ്റി, 7-8-1997-ലെ ജി.ഒ. (എം.എസ്) നമ്പർ 81/97/പി.ഡബ്ല്യു. & റ്റി, 18-8-1998-ലെ ജി.ഒ. (പി) നമ്പർ 75/98/പി.ഡബ്ല്യു.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രത്യേക പരിഗണന കോർപ്പറേഷന് നൽകുന്നത്.

താനൂർ മിനി സിവിൽ സ്റ്റേഷൻ

226 (4858) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നു തുടങ്ങാനാകുമെന്നും, പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly